

## കുറ്റിക്കകം സൗത്ത് എൽ.പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025.............

# ഉള്ളടക്കം


1 ആമുഖം

2 സ്കൂൾ ചരിത്രം

3 അടിസ്ഥാന വിശകലനം

4 വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

5 പരിമിതികൾ, മികവുകൾ, നേട്ടങ്ങൾ

6 പൊതുലക്ഷ്യങ്ങൾ

7 വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ

8 മോണിറ്ററിംഗ്

9 ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കുറ്റിക്കകം സൗത്ത് എൽ.പി.സ്കൂൾ |
| വിലാസം | : | പി.ഒ.എടക്കാട്, കണ്ണൂർ 670663 |
| ഫോൺ നമ്പർ | : | 9446167662 |
| സ്കൂൾ കോഡ് | : | 13163 |
| യു ഡയസ് കോഡ് | : | 32020200312 |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | കണ്ണൂർ |
| പഠന മാധ്യമം | : | മലയാളം |
| ബി.ആർ.സി | : | കണ്ണൂർ സൗത്ത് |
| സി.ആർ.സി | : | കിഴുന്ന സൗത്ത് യു.പി.സ്കൂൾ |
| ബ്ലോക്ക് പഞ്ചായത്ത് | : | എടക്കാട് |
| കോർപ്പറേഷൻ | : | കണ്ണൂർ |
| ഇ-മെയിൽ | : | kslpschool@gmail.com |

## ആമുഖം

പൊതുവിദ്യാലയങ്ങൾ സമൂഹത്തിന്റെ സമ്പത്താണ്. അവയെ സംരക്ഷിക്കുകയും മികവിലേക്ക് നയിക്കുകയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ്. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശത്തോടെ കേരളം സർക്കാർ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഥമ ലക്ഷ്യം. ഇത് നേടണമെങ്കിൽ വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ മാറ്റേണ്ടിവരും. ക്ലാസ്സുകളിൽ കുട്ടി ആർജ്ജിക്കേണ്ട കഴിവുകൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. പഠനബോധന രംഗങ്ങളിലെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി അദ്ധ്യാപകർ സജ്ജരാകണം. ഓരോ കുട്ടിയുടെ കഴിവും അതാത് പ്രായത്തിനനുസരിച്ച് കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുന്നതിനും ആയി ഈ വർഷം മുതൽ ആരംഭിച്ച സമഗ്ര ഗുണ മേന്മ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നു. ഇതിലൂടെ ഓരോ ക്ലാസ്സിലും നേടേണ്ട അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികളെ അവരുടെ പ്രവർത്തനത്തിൽ കൂടി ശേഷികൾ ഉറപ്പിക്കാൻ സാധിക്കും.

കുട്ടികളുടെ സാമൂഹിക വൈകാരിക വൈജ്ഞാനിക സർഗ്ഗാത്മകമായ നൈപുണ്യങ്ങളുടെ വികസനത്തിനുതകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത് ഭിന്ന ശേഷിക്കാരായ കുട്ടികളെ ഉൾച്ചേർത്തു കൊണ്ടുള്ള രസകരമായ പ്രവർത്തനാനുസൂത്രണമാണ് ഈ മാസ്റ്റർ പ്ലാനിൽ അവലംബിക്കുന്നത്. ഓരോ കുട്ടിക്കും അവരവരുടെ കഴിവുകൾ മികച്ച രീതിയിൽ തന്നെ പുറത്തു കൊണ്ടുവരാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വഴി സാധിക്കും.

# സ്കൂൾ ചരിത്രം

1922-ൽ കുറ്റിക്കകം മുനമ്പിൽ പരേതനായ കടയപ്രത്ത് കുഞ്ഞപ്പ നമ്പ്യാർ സ്ഥാപിക്കപ്പെട്ടതാണ് കുറ്റിക്കകം സൗത്ത് എൽ.പി സ്കൂൾ. സ്കൂളിലെ ആദ്യത്തെ പ്രധാനാധ്യാപകനും ഇദ്ദേഹമായിരുന്നു. ഈ പ്രദേശത്തുള്ള ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും നേടുന്നതിന് സൗകര്യമില്ലാതിരുന്ന കാലഘട്ടത്തിലാണ് ഇവിടെ സ്കൂൾ സ്ഥാപിക്കപ്പെട്ടത്. ഒരുപാട് കുട്ടികൾ വിദ്യാഭ്യാസം നേടിയ സ്കൂൾ ഇന്ന് അനാദായകരമായ സ്കൂളിന്റെ പട്ടികയിലാണ്. 1995 ൽ കടയപ്രത്ത് പത്മനാഭൻ നമ്പ്യരുടെ കൈയിൽ നിന്ന് ഇന്നത്തെ മാനേജർ ടി.സി.പത്മനാഭൻ സ്കൂൾ വിലക്ക് വാങ്ങി. പരേതനായ ചാത്തുക്കുട്ടി മാസ്ററർ, ശ്രീഗോവിന്ദൻ മാസ്റ്റർ, ശ്രീ സുന്ദരം ആചാരി, ശ്രീമതി കെ.കാർത്ത്യായനി, വി.സുല്ലജ എന്നിവർ മുൻ സാരഥികൾ ആണ്. ആദ്യകാലത്ത് 1 മുതൽ 5 വരെ ക്ലാസ്സുകൾ ഉണ്ടായിരിന്നു. പിന്നീട് അഞ്ചാം ക്ലാസ്സ് എടുത്തു മാറ്റി. 2018 മുതൽ പ്രീ പ്രൈമറി ക്ലാസ്സ് ആരംഭിച്ചു. നിലവിൽ ഷീബ.സി.എം ആണ് പ്രധാനാധ്യാപിക.

# അടിസ്ഥാനവിശകലനം

## കുട്ടികളുടെ എണ്ണം

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 2014-15 | 16 | 19 | 35 |
| 2015-16 | 19 | 14 | 33 |
| 2016-17 | 15 | 18 | 33 |
| 2017-18 | 17 | 15 | 32 |
| 2018-19 | 22 | 18 | 40 |
| 2019-20 | 29 | 19 | 48 |
| 2021-22 | 29 | 27 | 56 |
| 2022-23 | 28 | 17 | 45 |
| 2023-24 | 23 | 18 | 41 |
| 2024-25 | 19 | 19 | 38 |
| 2025-26 | 23 | 15 | 38 |

# അക്കാദമിക കാഴ്ചപ്പാട്

സ്കൂളിലെ മുഴുവൻ പഠിതാക്കൾക്കും എഴുതുവാനും വായിക്കുവാനും ഉള്ള ശേഷിയും ശാസ്ത്രഗണിതബോധവും ആർജ്ജിക്കുന്നതോടൊപ്പം കലാകായികരംഗത്തും സംസ്കാരിക രംഗത്തും ശോഭിക്കുന്ന തരത്തിൽ അച്ചടക്കബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.

# നേട്ടങ്ങൾ

## ഭൗതികം

സ്കൂളിന് സ്വന്തമായി ഒരു കെട്ടിടം ഉണ്ട്. നാല് ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും ഉണ്ട്. കൂടാതെ ഒരു പ്രീ പ്രൈമറി ക്ലാസ് മുറിയും, പ്രത്യേകം പാചക പുരയും ഉണ്ട്, നിലം ടൈൽസ് പാകിയിട്ടുണ്ട് ,അറബി ഉൾപ്പെടെ സ്ഥിരം അദ്ധ്യാപകർ സ്കൂളിലുണ്ട് .സ്കൂളിന് അല്പ ഒരു കളി സ്ഥലം ഉണ്ട്. സ്മാർട്ട് ക്ലാസ് മുറികൾ ഉണ്ട്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ് ലറ്റുകൾ ഉണ്ട്, ടോയിലെറ്റിൽ ആവശ്യത്തിന് വെള്ളവും കൈ കഴുകാനുള്ള സൗകര്യവും ഉണ്ട് , കുടിവെള്ള സൗകര്യവും ഉണ്ട്, സ്കൂളിൽ ഗണിത ലാബും IT ലാബും ഒരുക്കിയിട്ടുണ്ട്,

## അക്കാദമികം

പഠനത്തിൽ എന്നും മുൻപന്തിയിലാണ് സ്കൂൾ തുടർച്ചയായി LSS വിജയവും ,SSLC , പ്ലസ് ടു ക്ലാസ്സുകളിൽ പൂർവ്വ വിദ്യാർത്ഥികൾ ഉന്നത വിജയവും നേടി വരുന്നു. കല കായിക മേളകളിൽ കുട്ടികൾ പങ്കെടുത്തു മികച്ച വിജയം നേടിയിട്ടുണ്ട്. സബ്ബ് ജില്ലാ ഗണിത ശാസ്ത്ര മേളയിൽ 2 പ്രാവശ്യം ഓവറോൾ ഒന്നാം സ്ഥാനവും, 2 പ്രാവശ്യം രണ്ടാം സ്ഥാനവും നേടിയിട്ടുണ്ട്.

## നേട്ടങ്ങൾ

പഠനത്തിൽ എന്നും മുൻപന്തിയിലാണ് സ്കൂൾ. കലാകായികമേളകളിൽ കുട്ടികൾ പങ്കെടുത്ത് മികച്ച വിജയം നേടിയിട്ടുണ്ട്.സബ്ജില്ലാഗണിത ശാസ്ത്രമേളയിൽ 2 പ്രവാശ്യം ഓവറോൾ ഒന്നാം സ്ഥാനവും 2 പ്രാവശ്യംരണ്ടാംസ്ഥാനവും നേടിയിട്ടുണ്ട്. ഈ വർഷം ശാസ്ത്രമേളയിൽ 5 ഇനത്തിൽ എ ഗ്രേഡ് നേടി.കലാമേളയിൽ 4 എഗ്രേഡും 6 ബി ഗ്രേഡും നേടി.

## പരിമിതികൾ

- ❖ മുഴുവൻ കുട്ടികളിലും എല്ലാ പഠനനേട്ടങ്ങളും എത്തിക്കാൻ സാധിക്കുന്നില്ല.
- ❖ വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടാൻ കഴിയുന്നില്ല.
- ❖ ഗണിത ലാബ്,ശാസ്ത്ര ലാബ് ഇവയുടെ അഭാവം
- ❖ പഠന പിന്തുണ നൽകാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല.
- ❖ കലാമേളകളിൽ ഉന്നതവിജയം നേടാൻ കഴിയുന്നില്ല.
- ❖ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള പ്രയാസം
- ❖ സ്വതന്ത്ര വായനയിലേക്ക് കുട്ടികൾ എത്തുന്നില്ല.
- ❖ ഇംഗ്ലീഷിൽ ആശയവിനിമയത്തിന് അവസരങ്ങൾ കുറവാണ്.
- ❖ ഇംഗ്ലീഷിൽ വാക്കുകളുടെ സ്പെല്ലിംഗ് തിരിച്ചറിഞ്ഞ് എഴുതുന്നതിന് എല്ലാവർക്കും കഴിയുന്നില്ല.
- ❖ ലഘുപരീക്ഷണങ്ങൾ വേണ്ടത്ര ചെയ്യാൻ കഴിയുന്നില്ല.
- ❖ പഠന പിന്നോക്കാവസ്ഥ മറികടക്കാൻ ഐ.ടി പ്രയോജനപ്പെടുത്തിയിട്ടുള്ള പഠനതന്ത്രങ്ങൾ തയ്യാറാക്കാനുള്ള പ്രയാസം

9

## പൊതുലക്ഷ്യങ്ങൾ

1. ഒരോ കുട്ടിയും ഒരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.
2. കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക.
3. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
4. പ്ലാസ്റ്റിക് മുക്ത,ലഹരിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക
5. സ്മാർട്ട് ക്ലാസ്സ് മുറികൾ ഒരുക്കുക.
6. പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.
7. വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകമാക്കുക.
8. സ്കൂൾ ലൈബ്രറി നവീകരിക്കുക.
9. മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
10. മുഴുവൻ കുട്ടികൾക്കും അറിന്റെ ഉയർന്ന തലങ്ങളിൽ എത്താൻ സഹായകമായ പഠനാവസരങ്ങൾ സ്കൂളിൽ ഒരുക്കും
11. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രീയ വിലയിരുത്തലിന്റെ അവിഭാജ്യഭാഗമാക്കി മാറ്റുക.

## ഭാഷ - ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ചു നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
- സ്കൂൾ വിട്ട് പുറത്തുവരുന്ന കുട്ടികൾ മലയാളം എഴുതാനും വായിക്കാനും അനായാസം ആശയ വിനിമയം നടത്തുന്നതിനും പ്രാപ്തരാക്കുക.
- മുഴുവൻ കുട്ടികൾക്കും ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കും.
- ഒരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്ക്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കും.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന പരിപാടികൾ ഒരുക്കും. കുട്ടിയെ മികച്ച വായനക്കാരനാക്കും. വായനാ സാമഗ്രിയകൾ വികസിപ്പിക്കും. വായനയുടെ വിവിധ തലങ്ങൾ പരിചയപെടൽ.
- ലൈബ്രറി ശാക്തീകരണം.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകണ്ടെത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത കണ്ടെത്തി ശേഖരിക്കൽ
- ക്ലാസ്സ്സഭ, ബാലസഭയിലൂടെ കുട്ടികളുടെ ആത്മവിശ്വാസം വളർത്തുക.
- ചുമർ മാസിക,കൈയെഴുത്ത് മാസിക എന്നിവയിലൂടെ എഴുത്ത് പരിപോഷിപ്പിക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാളഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- അധ്യാപകശാക്തീകരണം ഉറപ്പാക്കുക
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.

## പ്രശ്നങ്ങൾ

- സ്വതന്ത്രവായനയ്ക്കു ചില കുട്ടികൾക്ക് പ്രയാസം നേരിടുന്നു.
- ലേഖനത്തിൽ ചിഹ്നങ്ങൾ തെറ്റിക്കുന്നു.
- സ്വതന്ത്രരചന നടത്തുന്നില്ല.
- സർഗ്ഗാത്മക രചനകളിൽ എല്ലാ കുട്ടികളും മികവ് പുലർത്തുന്നില്ല.

**ഭാഷ :-**

- മലയാള മധുരം
- സംയുക്ത ഡയറി
- നിർമ്മാണ ശില്പശാല
- സചിത്ര പുസ്തകം
- റീഡേഴ്സ് തിയേറ്റർ
- പാട്ടരങ്ങ്
- കാവ്യോത്സവം
- കാവ്യാവിഷ്കാരം
- സർഗാത്മക ഡയറി
- രചന പുസ്തകം

**ലക്ഷ്യങ്ങൾ :-**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള ധാരണ നേടുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പാഠപുസ്തകങ്ങളിലേയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു .
- താളം മനസ്സിലാക്കി പാഠങ്ങളിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു.
- ഈണം, താളം, ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.
- ആശയം ഉൾക്കൊണ്ട് അനുയോജ്യമായ ഭാവത്തോടെ രംഗാവിഷ്കാരം നടത്തുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- ആശയങ്ങളെ / അനുഭവങ്ങളെ വിവിത വ്യവഹാര രൂപങ്ങളെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തങ്ങൾ സംഘടിപ്പിക്കുന്നു.
- പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക .

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | സംഘാടനം | സാമ്പത്തികം | |
|---|---|---|---|---|---|---|---|
| 01 | ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു. | മലയാള മധുരം | ജൂൺ - മാർച്ച് | II | ക്ലാസ്സ് ടീച്ചർ | | |
| 02 | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുവാനും എഴുതുവാനും കഴിയുന്നു | സംയുക്ത ഡയറി | ജൂൺ - മാർച്ച് | I & II | | | |
| 03 | താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു. | റീഡേഴ്സ് തിയേറ്റർ<br>പാട്ടരങ്ങ് | ജൂൺ - മാർച്ച് | I & IV | | | |
| 04 | ഭഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു | സർഗാത്മക ഡയറി | ജൂൺ - മാർച്ച് | I & IV | | | |
| | | | | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | സംഘാടനം | സാമ്പത്തികം | |
|---|---|---|---|---|---|---|
| [illegible] | പ്രീടെസ്റ്റ് നടത്തുന്നു.പഠന പിന്നോക്കക്കാരെ കണ്ടെത്തുന്നു<br><br>കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു കുട്ടികളുടെ [illegible] തയ്യാറാക്കുന്നു<br><br>SRG ചേർന്ന് പിന്നോക്കം നിൽക്കുന്നവർക്ക് സഹായകരമായ പ്രത്യേകം മോഡ്യൂൾ ICT സഹായത്തോടെ തയ്യാറാക്കുന്നു. (ചിത്രവായന,ചിത്രം നോക്കികഥപറയൽ, കഥഎഴുതൽ വർക്ക്ഷീറ്റുകൾ) CLICKS work sheet<br>PTA യുമായി ആലോചിച്ച് പഠന സമയം കണ്ടെത്തുന്നു.<br><br>എല്ലാ ദിവസവും നിശ്ചിത സമയത്ത് പിന്നോക്കകാർക്ക് പരിശീലനം നൽകുന്നു. ഒരോ ആഴ്ചയും പഠന പുരോഗതി വിലയിരുത്തുന്നു. പ്രോത്സാഹനം നൽകുന്നു.പോസ്റ്റ് ടെസ്റ്റ് നടത്തുന്നു. | ജൂൺ<br><br>ജൂൺ [illegible]<br><br>ജൂൺ 3ാം വാരം<br><br>ജൂൺ 4ാം വാരം<br><br>ജൂലൈ മുതൽ | 1 to 4 | ക്ലാസ്ടീച്ചർ | 1000/ PTA | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. വായനനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിനുള്ള അവസരം സൃഷ്ടിക്കുക. | ക്ലാസ്സ് ലൈബ്രറിയിലേക്ക് അനുയോജ്യമായ പുസ്തകങ്ങൾ കണ്ടെത്തൽ, ക്ലാസ്സ് നിലവാരത്തിനനുസരിച്ച്തരം തിരിക്കൽ<br><br>ഒരോ മാസത്തിലേയും ജന്മദിനകലണ്ടർ തയ്യാറാക്കുക CPTA യിൽഅവതരിപ്പിക്കുക.<br>പിറന്നാൾ പുസ്തകം ശേഖരിക്കുക. | ജൂൺ<br><br>ജൂൺ | 1 to 4 | Teachers<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ | 1000/ | |

| | | | | | | |
|---|---|---|---|---|---|---|
| | എല്ലാ ക്ലാസ്സിലേക്കും ഒരു പത്രം സ്പോൺസറിങ്ങിലൂടെ<br><br>പത്രവായന-അസംബ്ലിയിൽ<br><br>എല്ലാ ക്ലാസ്സിലും പത്രവായന<br><br>സമീപ വായനശാല സന്ദർശനം അംഗത്വമെടുക്കൽ<br><br>വായനാകുറിപ്പ് തയ്യാറാക്കൽ മികച്ചത് അസംബ്ലിയിൽ വായിക്കൽ<br><br>വായനാപ്പെട്ടി തയ്യാറാക്കൽ വായനാ സാമഗ്രികൾ വികസിപ്പിക്കൽ PTAസഹായത്തോടെ<br>CPTAയിൽ പുസ്തകപരിചയം നടത്തൽ<br>അമ്മവായന, വായനാക്വിസ് | ജൂൺ<br><br>ദിവസവും<br><br>ദിവസവും രാവിലെ 9.30 മുതൽ<br><br>ജൂൺ<br><br>ആഴ്ച്ചയിൽ ഒരു ദിവസം<br><br>ജൂൺ<br><br>മാസത്തിൽ ഒരു തവണ | 1 to 4<br><br>3 to 4<br><br>1 to 4<br><br>2,3,4 | സ്പോൺസറിംഗ്<br><br>ക്ലാസ്ടീച്ചർ<br><br>SRG കൺവീനർ<br><br>SRG കൺവീനർ PTA | 2000/<br><br>1000/ | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്ന തിന് പ്രാപ്തരാക്കും | രചനാശിൽപ ശാലകൾ സംഘടിപ്പിക്കുക.<br>(കഥ,കവിത,ചിത്രം)<br><br>ചുമർ പത്രിക,കൈയെഴുത്ത് മാസികകൾ തയ്യാറാക്കൽ<br><br>പ്രാദേശിക എഴുത്തുകാരെ സ്കൂളിലെത്തിച്ച് അവരുടെ വായന,എഴുത്ത് അനുഭവങ്ങൾ പങ്കുവയ്ക്കജശ<br><br>വായനാകുറിപ്പ് തയ്യാറാക്കൽ, അംഗീകരിക്കൽ,ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് രചനകൾ തയ്യാറാക്കൽ | ടേമിൽ ഒരു പ്രാവശ്യം<br><br>ഒരു കുട്ടിക്ക് ഒരു മാസിക<br><br>ആഗസ്റ്റ്<br><br>ആവശ്യാനുസരണം | 1 to 4<br><br>1 to 4 | വിദ്യാരംഗം<br><br>വിദ്യാരംഗം<br><br>ക്ലാസ്ടീച്ചർ | 2000/<br><br>1000/ | |

| | | | | | | |
|---|---|---|---|---|---|---|
| ഭാഷാപരമായ മികവ് ഉണ്ടാക്കി സർഗാത്മക രചനകൾ മെച്ചപ്പെടുത്തൽ | വായനശാലകൾ സന്ദർശനം വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.<br><br>CDപ്രദർശനം (ഓട്ടൻതുള്ളൽ,കഥകളി, കവിപരിചയം,സാഹിത്യകാരൻമാർ, വിവിധകലാരൂപങ്ങൾ.....)<br><br>ഓരോ കുട്ടിക്കും ഒരോ മാസിക.<br><br>നാടകീകരണം(കഥ,പാഠഭാഗം എന്നിവയുടെ നാടകാവിഷ്കരണം)<br><br>പാഠഭാഗങ്ങളെ പാവനാടകമാക്കി അവതരിപ്പിക്കൽ<br><br>അടികുറിപ്പ് മത്സരം<br><br>രചനാ ക്യാമ്പ് | ജൂൺ<br><br>എല്ലാ ആഴ്ച്ചയും ഇടവേളകളിൽ<br><br>ബാലസഭയിൽ പ്രതിമാസ പരിപാടി<br><br>ഫിബ്രവരി<br><br>എല്ലാ ആഴ്ച്ചയും<br><br>ഡിസംബർ | 3,4<br><br>1 to 4<br><br>1 to 4<br><br>1 to 4<br><br>3,4<br><br>2,3,4 | ക്ലാസ്ടീച്ചർ<br><br>വിദ്യാരംഗം<br><br>ക്ലാസ്ടീച്ചർ<br>PTA Staff | 500/<br><br>500/<br><br>1000/ | |
| ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാള ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തും. | ICTസഹായത്തോടെ മഹാൻമാരെ പരിചയപ്പെടുത്തുന്നു.<br><br>ഗുണപാഠകഥകൾ കേൾപ്പിക്കുന്നു. മഹാൻമാരുടെ പുസ്തകം നൽകുന്നു. കഥകൾ പറഞ്ഞുകൊടുക്കുന്നു. | എല്ലാ വെള്ളിയാഴ്ച്ചയും<br><br>എല്ലാ വെള്ളിയാഴ്ച്ചയും | | | | |
| ഭിന്നശേഷിക്കാരായ കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | രക്ഷിതാക്കൾക്ക് ആത്മവിശ്വാസം നൽകി എല്ലാ ഭിന്നശേഷിക്കാരെയും സ്കൂളിൽ എത്തിക്കുന്നു.<br><br>കുട്ടികൾക്ക് മെച്ചപ്പെട്ട പഠനം ഉറപ്പാക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ മെഡിക്കൽ ക്യാമ്പിൽ ഉറപ്പുവരുത്തുന്നു. | മെയ് ജൂൺ<br><br>ജൂൺ | | All Teachers<br><br>SSA | | |

| | | | | | | |
|---|---|---|---|---|---|---|
| | രക്ഷിതാക്കളുമായി സംസാരിച്ച് വിശദമായ പ്രൊഫൈൽ തയ്യാറാക്കുന്നു.<br><br>പാഠ്യപദ്ധതി സവിശേഷസഹായം ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി അനുരൂപീകരിച്ച് നൽകുന്നു<br><br>ആവശ്യമുള്ള വർക്കുഷീറ്റുകൾ തയ്യാറാക്കുന്നു.<br><br>ഒരോ കുട്ടിയുടെയും തനത് പ്രശ്നങ്ങൾ മനസിലാക്കി പിന്തുണ നൽകാൻ കഴിയുന്ന അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.<br><br>ഇത്തരം കുട്ടികളുടെ സർഗവാസനകൾ പോഷിപ്പിക്കുവാനും പ്രകടിപ്പിക്കാനുമുള്ള അവസരങ്ങൾ ഒരുക്കുന്നു. വിദ്യാലയ സമൂഹ ഈ കുട്ടികളെ എല്ലാ തരത്തിലും ഉൾക്കൊള്ളുന്നു എന്ന് ഉറപ്പ് വരുത്തുന്നു. | | | BRC TRAINER | | |

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

- ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തമാരാക്കുക.
- ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക
- എല്ലാ കുട്ടികളെയും ഇംഗ്ലീഷിൽ ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കുക

## പ്രശ്നങ്ങൾ

- എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കാൻ പറ്റുന്നില്ല.
- പരിമിതമായ പദസമ്പത്ത്
- ഇംഗ്ലീഷിൽ ആശയവിനിമയത്തിന് അവസരങ്ങൾ കുറവാണ്.
- ചെറിയ വ്യവഹാരരൂപങ്ങൾ തെറ്റ് കൂടാതെ എഴുതാൻ കഴിയുന്നില്ല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | സംഘാടനം | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷിൽ സംസാരശേഷി വർദ്ധിപ്പിക്കുന്നതിന്. | **Sweet English**<br>ഇംഗ്ലീഷ് പിരീഡിൽ ഇംഗ്ലീഷിൽ മാത്രമുള്ള ആശയവിനിമയം<br>I C T സഹായത്തോടെ Action Song കണ്ടും കേട്ടും പഠിക്കൽ<br>കഥകൾ റെക്കോഡ് ചെയ്ത് കേൾപ്പിക്കൽ<br>ഒരു ദിവസം ഒരു കുട്ടിക്ക് ഇംഗ്ലീഷിൽ Self Introduce ചെയ്യാൻ അവസരം<br>തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ ആഴ്ചയിൽ ഒരിക്കൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് നൽകുന്നു. | ഇംഗ്ലീഷ് പിരീഡിൽ<br><br>ആഴ്ചയിൽ ഒരിക്കൽ | 1 to 4 | English Teacher<br><br>English Teacher | |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | Picture Word- Sentence കാർഡ് പരിചയപ്പെടൽ<br>ഇംഗ്ലീഷ് വർക്ക്ബുക്ക് തയ്യാറാക്കൽ<br>കഥ,കവിത രചന ക്ലാസ്സുകൾ<br>ചുമർപത്രങ്ങൾ തയ്യാറാക്കൽ<br>one day one word | മാസത്തിൽ ഒരു ശനിയാഴ്ച<br>മാസത്തിൽ ഒന്ന് | 1 to 4 | | 500/- |

| | | | | | | |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കാൻ<br>E - Cube English | English reading corner ഒരുക്കൽ<br>ജൂൺ ആദ്യവാരം.SRG യിൽ ചർച്ച ചെയ്യുന്നു ക്ലാസ്സ് പി.ടി.എയിൽ അവതരിപ്പിക്കുന്നു രക്ഷിതാക്കളുടെ സഹായത്തോടെ Books, posters, notice, story chart, greetinc card, pictures, rhymes reading meterials എന്നിവ ശേഖരിച്ച് English reading corner തയ്യാറാക്കുന്നു. | ജൂൺ | 1to 4 | English Teacher | 1000/ | |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ വ്യത്യസ്തവ്യവഹാരരൂപങ്ങളിലേക്ക് മാറ്റി എഴുതി അവതരിപ്പിക്കൽ<br>(Skit, conversation)<br><br>കൈയെഴുത്തു മാസിക തയ്യാറാക്കൽ<br><br>ഇംഗ്ലീഷ് ഫെസ്റ്റ് | മാസത്തിൽബാലസഭ യിൽ<br><br>ഒരു കുട്ടിക്ക് ഒന്ന്<br><br>ഫിബ്രവരി അവസാനത്തെ ആഴ്ച്ച | | | | |
| ഇംഗ്ലീഷ് ഭാഷാനൈപുണി വർദ്ധിപ്പിക്കുന്നതിന്<br>E - Cube English<br>Language Lab | ഇംഗ്ലീഷ് ബാലസഭ<br>Action song,<br>Story telling<br>Skit<br>Drama<br>Coreography<br>Conversation എന്നിവ ബാലസഭയിൽ അവതരിപ്പിക്കുന്നു.<br><br>Self Introduction<br><br>ഇംഗ്ലീഷിൽ ലഘു പ്രസംഗങ്ങൾ അവതരിപ്പിക്കുന്നു | 2 മാസത്തിൽ ഒരിക്കൽ<br><br>എല്ലാ ദിവസവും<br><br>ബാലസഭയിൽ | | വിദ്യാരംഗം ടീച്ചർ<br><br>English Teacher | | |

| | | | | | | |
|---|---|---|---|---|---|---|
| | ഒരു ദിവസം പാഠഭാഗങ്ങളിലെ 5 വാക്കുകളുടെ അർത്ഥം,സ്പെലിംഗ് എന്നിവ പരിചയപ്പെടുത്തുന്നു. അടുത്ത ദിവസം പഠിച്ച് വരുന്നു.കേട്ടെഴുത്ത് പറയുന്നു.ഈ വാക്കുകൾ My Own English Word നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു.<br>ഡയറി<br>ഒരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ എഴുതുന്നു.<br>പോസ്റ്റർ തയ്യാറാക്കൽ<br>ആശയകാർഡുകൾ തയ്യാറാക്കൽ | ഒരു ദിവസം<br>ആഴ്ചയിൽ 5 ദിവസം<br>ദിനാചരങ്ങൾക്ക് വേണ്ടി<br>പത്യേക ദിവസങ്ങളിൽ (പിറന്നാൾ,ഓണം,ബക്രീദ്, ക്രിസ്മസ് | 4<br>2,3,4<br>1to 4 | English Teacher<br>English Teacher<br>English Teacher | | |
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | എല്ലാ ശനിയാഴ്ച്ചയും എല്ലാ അധ്യാപകരും | 1to 4 | എല്ലാ അധ്യാപകരും | | |
| കളികളിലൂടെയുള്ള ഇംഗ്ലീഷ് പഠനം | ഇംഗ്ലീഷ് പദപ്രശ്നം നൽകുന്നു. ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നു.<br>Word Games<br>Word Making<br>Word Square<br>Cross Word<br>puzzle | ആഴ്ചയിൽ 1 ദിവസം | 3,4 | English Teacher | | |

## ശാസ്ത്രം

### ലക്ഷ്യങ്ങൾ

- ❖ കൗതുകം ,ജിജ്ഞാസ,നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- ❖ ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യതിയാനിക്കാൻ കഴിയുക
- ❖ മെച്ചപ്പെടുത്തലിനുവേണ്ടി പരിശ്രമിക്കുക.
- ❖ ശാസ്ത്രത്തിന്റെ രീതി സ്വായത്തവമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക
- ❖ നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.
- ❖ പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- ❖ അന്ധവിശ്വാസങ്ങളും അനാചരങ്ങളെയും ഇല്ലാതാക്കുക.
- ❖ ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
- ❖ ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.
- ❖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- ❖ പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേക പൂർവ്വമാക്കുക.
- ❖ പ്രകൃതിയിലെ പരസ്പരാശ്രയാത്വം തിരിച്ചറിയുക.
- ❖ സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.
- ❖ സുസ്ഥിര വികസനം എന്ന ആശയം വികസിപ്പിക്കുക.
- ❖ ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
- ❖ വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
- ❖ മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക.
- ❖ ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- ❖ ശാസ്ത്രനേട്ടങ്ങൾ സാമൂഹിക നന്മയ്ക്കായ് പ്രയോജനപ്പെടുത്തുക.
- ❖ ശാസ്ത്രത്തിനും സാമൂഹിക നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക

### പരിമിതികൾ

- ❖ ലഘുപരീക്ഷണങ്ങൾ വേണ്ടത് പോലെ പ്രയോജനപ്പെടുത്താനാകുന്നില്ല.
- ❖ ഫീൽഡ് ട്രിപ്പ് സാധ്യതകൾ പ്രയോജനപ്പെടുത്താനാകുന്നില്ല.
- ❖ ആശയരൂപീകരണത്തിന് ഐ.ടി വിഭവങ്ങൾ എപ്പോഴും പ്രയോജനപ്പെടുത്താനാകുന്നില്ല.
- ❖ ശാസ്ത്രത്തോട് എല്ലാ കുട്ടികൾക്കും വേണ്ടത്ര താൽപര്യം ഇല്ല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | സംഘാടനം | സാമ്പത്തികം | |
|---|---|---|---|---|---|---|
| 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കി പഠനനേട്ടം ഉറപ്പിക്കുക. | 1)ഒരോക്ലാസിലേക്കും ശാസ്ത്രപഠനത്തിന് സഹായകരമായ ശാസ്ത്രമൂലയിലേക്കുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>2)തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്നിവ തരംതിരിക്കൾ<br>3) തയ്യാറാക്കിയ ലിസ്റ്റ് അനുസരിച്ച് സാമഗ്രികൾ വാങ്ങൾ<br>4)പി.ടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം.<br>പഠനോപകരണം നിർമ്മാണം ശില്പശാല (രക്ഷിതാക്കളെയും ഉൾപ്പെടുത്തി) | ജൂൺ<br>ജൂലൈ<br>ജൂലൈ<br>ജൂലൈ<br>ആഗസ്റ്റ് ആദ്യവാരം | 1-4 | SRG<br>SRG<br>CPT<br>PTA HM | 1000/<br>1000/<br>2000/ | |
| ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രീയത കണ്ടെത്തുന്നത് പ്രോത്സാഹിപ്പിക്കുക | ഒന്നാം ക്ലാസ്സു മുതൽ 4ാം ക്ലാസ്സുവരെ പാഠ്യപദ്ധതിയിലുള്ള ലഘുപരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>ക്ലാസ്സിൽ പരീക്ഷണം ചെയ്യൽ പരീക്ഷണ സാമഗ്രികളുടെ ശേഖരണം | ഒക്ടോബർ മുതൽ ആഴ്ചയിൽ 1 ദിവസം (1.30- 2pm) | 1-4 | ക്ലാസ്സ് ടീച്ചർ<br>CPTA | 500/<br>2000/ | |

| | | | | | | |
|---|---|---|---|---|---|---|
| ശാസ്ത്രപഠനം നേരിട്ട് അനുഭവങ്ങളിലൂടെ | ഫീൽഡ് ട്രിപ്പ് (പാഠഭാഗങ്ങൾക്ക് അനുയോജ്യമായത്) ICT (പാഠഭാഗത്തിന് അനുയോജ്യമായത് അഭിമുഖങ്ങൾ<br>വ്യക്തികളുമായി സംവാദിക്കൽ പൂന്തോട്ട നിർമ്മാണം ഔഷധത്തോട്ട നിർമ്മാണം<br>ജൈവവേലിനിർമ്മാണം<br>ജൈവവൈവിധ്യ പാർക്ക്<br>ഹരിത വിദ്യാലയം | ജൂൺ<br>മാർച്ച്<br>2 വർഷം<br>3 വർഷം<br>3 വർഷം | 1-4 | SRG<br>CPTA | | |
| കുട്ടികളിൽ നിരീക്ഷണ പാടവം വളർത്തുക | പരിസരനിരീക്ഷണം<br>വയലുകൾ,കുളങ്ങൾ, തോടുകൾ, എന്നിവയിലൂടെ നിരീക്ഷണങ്ങളിലൂടെ ഒരോന്നിന്റെയും പ്രത്യേകതകൾ ക്രോഡീകരണം | ജൂൺ ഫിബ്രവരി | 1-4 | ക്ലാസ്സ് ടീച്ചർ<br>PTA | | |
| ശാസ്ത്രപഠനം രസകരമാക്കൽ | പഠനയാത്രകൾ നടത്തുക.<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണ മത്സരങ്ങൾ<br>ക്വിസ് മത്സരങ്ങൾ,ഫീൽഡ് ട്രിപ്പ് (തൊഴിൽ ശാലകൾ,കൃഷിയിടങ്ങൾ, ചരിത്രസ്മാരകങ്ങൾ)<br>പഠനോപകരണ നിർമ്മാണം<br>സഹവാസക്യാമ്പ്<br>(ശാസ്ത്ര പരീക്ഷണങ്ങൾ ആകാശനിരീക്ഷണം) ലൈബ്രറി ശാസ്ത്ര പ്രദർശനങ്ങൾ | വർഷത്തിൽ 2പ്രാവശ്യം<br>ആവശ്യാനുസരണം<br>ഡിസംബർ<br>വർഷത്തിൽ 2പ്രാവശ്യം | 1-4<br>1-4 | ക്ലാസ്സ് ടീച്ചർ<br>PTA HM<br>PTA<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>PTA ,HM | 1000 | |

# ഗണിതം

## ഗണിത പഠന ലക്ഷ്യങ്ങൾ

- ✡ ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം.
- ✡ കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം.
- ✡ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന്.
- ✡ വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് നേടുക.
- ✡ ഗണിതം ആസ്വദിക്കാൻ കഴിയുന്നതരത്തിലേക്ക് കുട്ടിയെ വളർത്താൻ കഴിയുന്നതാകണം.
- ✡ ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും കാര്യ കാരണസഹിതം വിശദീകരിക്കുന്നതിനുള്ള കഴിവുണ്ടാകുന്നതായിരിക്കണം.
- ✡ കൃത്യതയോടും സൂക്ഷമതയോടും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പ്രാപ്തരാക്കണം.
- ✡ അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയണം.
- ✡ ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയണം.
- ✡ ഗണിതപഠനത്തിൽ ICT സാധ്യത ഉപയോഗിക്കാൻ കഴിയുന്നതാകണം.

## പ്രശ്നങ്ങൾ

- ✡ പ്രയോഗിക പ്രശ്നങ്ങൾ അപഗ്രഹിക്കാനുള്ള പ്രയാസം.
- ✡ നൂതന പ്രവർത്തന ജീവികളെ കുറിച്ച് ധാരണകുറവ്.
- ✡ ICT അധിഷ്ഠിതയും പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങള നടപ്പാക്കുന്നതിനുള്ള പരിമിതികൾ.
- ✡ മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ സാധിക്കുന്നില്ല.
- ✡ എല്ലാവീടുകളിലും കുട്ടികളുടെ പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.
- ✡ ഗണിതാശയം നിത്യജീവിതപ്രശ്നങ്ങളുമായി ബന്ധപ്പെടുത്താനുള്ള പ്രയാസം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ്സ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതപഠന പരിപോഷണം | പ്രീ-ടെസ്റ്റ് നടത്തി ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നു. പ്രത്യേക പഠനപദ്ധതി തയ്യാറാക്കുന്നു.ക്ലാസ്സ് നടത്തുന്നു. | ജൂൺ - ജൂലൈ മാസം ആഴ്ചയിൽ 2 ദിവസം രാവിലെ 9 മണി മുതൽ | 1-4 | ക്ലാസ്ടീച്ചർ | |
| ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികളിൽ സംഖ്യബോധം, ചതുഷ്ക്രിയ ഉറപ്പിക്കൽ | സംഖ്യാകിറ്റുകൾ<br>സംഖ്യകാർഡ്<br>സ്ഥാനവിലപോക്കറ്റ്<br>വർക്ക്ഷീറ്റ്<br>ICT ക്ലാസിലൊരുകട, വിലവിവരപ്പട്ടിക, മനഃകണക്ക് അവതരണം | ജൂൺ - സപ്തബംർ | 1-4 | ക്ലാസ്ടീച്ചർ | |
| ഗണിതപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കിന്നതിനു | ഗണിതകോർണർ ഒരോ ക്ലാസിലേക്കും ഗണിതപഠനത്തിന് സഹായകമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br><br>കോർണറിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ<br>സാമഗ്രികൾ എന്നിവ ശേഖരിക്കൽ<br>മാത്സ്കോർണർ സജ്ജീകരിക്കൽ<br>ഗണിതവുമായി ബന്ധപ്പെട്ട ചുമർചിത്രങ്ങൾ ഒരുക്കൽ ഗണിതലാബ് ഒരുക്കൽ. | ജൂൺ<br><br>ജൂലൈ | 1-4 | SRG<br>PTA | 1000/- |

| | | | | | |
|---|---|---|---|---|---|
| ഗണിതത്തിൽ താൽപര്യം വളർത്തൽ | [illegible]<br>നിർമ്മാണം ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ ICTഉപയോഗിച്ച്<br>(ICTയിലൂടെ ഗണിതപസിൽ മാന്ത്രികചതുരം)<br>വിജയികൾക്ക് അസംബ്ലിയിൽ അനുമോദനം<br>പഠനോപകരണ നിർമ്മാണ ശിൽപശാല ഗണിതകേളികൾ ഡൈസ്,ഡോമിനോ ഏണിയും പാമ്പും വർക്ക് ഷീറ്റുകൾ | നവംബർ<br>എല്ലാ വെള്ളിയാഴ്ചയും ഗണിതപസിൽ<br>ആഗസ്റ്റ്<br>ജൂൺ - മാർച്ച് | 1-4<br>1-4 | ക്ലാസ്ടീച്ചർ | 500/- |
| യുക്തി ചിന്തവളർത്തുന്നതിന് | മനഃക്കണക്ക്,പാറ്റേൺ ഗണിതപിരീഡിൽ എല്ലാദിവസവും ഒരു മനഃക്കണക്ക് ഗണിതപഠനം സുഗമമാക്കൽ | ജൂൺ - മാർച്ച് | | ക്ലാസ്ടീച്ചർ | |
| ഗണിതപഠനം സുഗമമാക്കൽ | വിദ്യാലയത്തിൽ ഗണിതലാബ് സജ്ജമാക്കൽ,ഗണിതലാബിൽവെച്ച് ഗണിതപഠനം ICTഉപയോഗിച്ച് ഗണിതപഠനം | ജൂലൈ - മാർച്ച് ആവിശ്യാനുസരണം | | ഗണിതാ ധ്യാപിക | 2000/- |
| ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു. അളവുകൾ പരിചയപ്പെടുത്തൽ (നീളം,ഉള്ളളവ്,ഭാരം)സമയബോധം,ക്ലോക്ക്നിർമ്മാണ കലണ്ടർ പരിചയപ്പെടൽ കലണ്ടർ നിർമ്മാണം ജ്യാമിതീയ രൂപങ്ങൾ ഭിന്നസംഖ്യ | ജൂൺ - മാർച്ച് | | ക്ലാസ്ടീച്ചർ | |

## അറബിക് ലക്ഷ്യങ്ങൾ

1,അറബിഭാഷ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

2,എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുന്നു.

3,സാഹിത്യഅഭിരുചി വളർത്തുക.

4,ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തൽ

## പരിമിതികൾ

ചില കുട്ടികൾക്കും എഴുതാനും വായിക്കാനും പ്രയാസം നേരിടുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സംഘാടനം | ക്ലാസ്സ് | | |
|---|---|---|---|---|---|---|
| അറബിഭാഷ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | അക്ഷരം ഉറപ്പിക്കൽ | ജൂൺ ജൂലൈ | അറബിക് ടീച്ചർ | 1to 4 | | |
| എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുന്നു. | വായനാസാമഗ്രികൾ തയ്യാറാക്കൽ | ജൂൺ ആഗസ്റ്റ് | അറബിക് ടീച്ചർ | 1to 4 | | |
| | വായനാമൂല ഒരുക്കൽ | ജൂലൈ ആഗസ്റ്റ് | അറബിക് ടീച്ചർ | 1to 4 | | |
| | വായനാമത്സരം | മാസത്തിൽ ഒരു തവണ | അറബിക് ടീച്ചർ | 1to 4 | | |
| | നിഘണ്ടു തയ്യാറാക്കൽ | ജനുവരി ഫിബ്രവരി | അറബിക് ടീച്ചർ | 1to 4 | | |
| | ക്വിസ് | മാസത്തിലൊരിക്കൽ | അറബിക് ടീച്ചർ | 1to 4 | | |
| | ഖുർആൻ പാരായണം | ... | അറബിക് ടീച്ചർ | 1to 4 | | |
| | മാസികാനിർമാണം | മുഴുവൻ കുട്ടികൾക്കും | | | | |
| | അസംബ്ലിയിൽ വായന | ആഴ്ചയിൽ ഒരു ദിവസം | | | | |
| സാഹിത്യഅഭിരുചി വളർത്തുക. | പോസ്റ്റർ നിർമ്മാണം | | | | | |
| | അറബിക് മത്സരങ്ങൾ | | | | | |
| | വിജയികൾക്ക്അനുമോദനം | | | | | |
| | സംഭാഷണങ്ങൾ സ്കിറ്റ് CD ഉപയോഗിച്ച് | | | | | |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

ക്ലാസ്സ് : I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | അക്ഷരവായന | I to II | ജൂൺ - ജൂലൈ | | |
| | ക്ലാസ്സ് വായന | I to II | ജൂൺ - ഫെബ്രുവരി | | |
| | ലൈബ്രറി വായന | I to IV | ജൂൺ - ഫെബ്രുവരി | | |
| | ചിത്ര വായന | I to IV | ജൂൺ - ഫെബ്രുവരി | | |
| | മാഗസിൻ വായന | I to IV | നവംബർ | | |
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു | വീട്ടു വായന | I to IV | ഡിസംബർ | | |
| | കഥ വായന | I to IV | | | |
| | വായന മത്സരങ്ങൾ | I to IV | ജൂൺ - മാർച്ച് | | അദ്ധ്യാപകർ, PTA, SRG |
| | മോണിറ്ററിംഗ് | | ജൂൺ - മാർച്ച് | | |
| | വാക്യങ്ങൾ ഉറപ്പിക്കൽ | I to IV | ജൂൺ - മാർച്ച് | | |
| | വ്യാകരണങ്ങൾ | I to IV | ജൂൺ - മാർച്ച് | | |
| | ഇ - വായന | I to IV | ജൂൺ - മാർച്ച് | | |
| | ഇ - ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു | I to IV | ജൂൺ - മാർച്ച് | അദ്ധ്യാപകർ | |
| | ലോഗോജ് ഗെയിംസ് | | | | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | റോൾ പ്ലേ | | | | |
| | ക്ലാസ്സ് സംഭാഷണം | I to IV | ആഗസ്റ്റ് - ഫെബ്രുവരി | | |
| | കാർട്ടൂൺ | | | | അദ്ധ്യാപകർ PTA |
| | പ്രദർശനം | I to IV | | | |
| | പദ സമ്പത്ത് വർദ്ധിപ്പിക്കൽ | I to IV | | | |
| | ഡ്രമാറ്റൈസേഷൻ | I to IV | | | |
| | | | | | |

<u>കലാകായിക പ്രവൃത്തിപരിചയം,സാമൂഹികബോധം</u>

## ലക്ഷ്യങ്ങൾ

- ❖ ക്ലാസ്സുമുറിയും വീടും സമൂഹവുമെല്ലാം ഉൾപ്പെടുന്ന ചുറ്റുപാടിലെ നല്ലതും സുന്ദരവുമായ എല്ലാത്തിനെ കുറിച്ചും ആഹ്ലാദം തോന്നത്തക്കവിധം നോക്കി കാണാൻ കുട്ടികളെ ബോധവാൻമാരാക്കുക .
- ❖ സംഗീതം ആസ്വദിക്കാനും മനസ്സിലാക്കാനും വിലയിരുത്താനും കഴിയുക.
- ❖ സംഗീത ഉപകരണങ്ങൾ തിരിച്ചറിയുന്നു.
- ❖ ചിത്രകലയിൽ താൽപര്യം ഉണ്ടാക്കുക.
- ❖ കായികശേഷി വികസനം
- ❖ അച്ചടക്കബോധം,സാമൂഹികബോധം വളർത്തുക.
- ❖ അഭിനയത്തോട് താൽപര്യം ഉണ്ടാക്കുക.
- ❖ കഥാപാത്രങ്ങളുടെ സ്വഭാവം,വേഷം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്കൊണ്ട് രചന നടത്താനും അഭിനയിക്കാനുമുള്ള കഴിവ്.
- ❖ കുട്ടിയുടെ ആരോഗ്യപരവും കായികപരവുമായ ഘട്ടങ്ങൾ പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവവും വളർത്തുകയും ചെയ്യുക.
- ❖ കുട്ടികളെ സാമൂഹിക ബോധമുള്ള പൗരൻമാരായി വളർത്തുക. മദ്യം, മയക്കുമരുന്ന് തുടങ്ങിയ വിപത്തുകളെക്കുറിച്ച് ബോധവാൻമാരാക്കുക.

# പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ്സ് | സംഘാടനം | സാമ്പത്തികം | |
|---|---|---|---|---|---|---|
| പഠനം രസകരമാക്കുക. കൈതൊഴിൽ പരിശീലിപ്പിക്കുക | ഒറിഗാമി കടലാസുകൊണ്ട് വിവിധതരം രൂപങ്ങൾ നിർമ്മിക്കുന്നു | ആഴ്ച്ചയിൽ ഒരു പിരിയഡ് | 1to4 | ക്ലാസ്സ് ടീച്ചർ SRG | | |
| | ബുക്ക് ബൈൻഡിങ്ങ് വലുതും ചെറുതുമായ വിവിധതരം നോട്ടുപുസ്തകം നിർമ്മാണ പരിശീലനം | മാസത്തിൽ ആദ്യത്തെ ശനിയാഴ്ച | 1to4 | ക്ലാസ്സ് ടീച്ചർ SRG | 300/ | |
| | പേപ്പർ ഗ്രാഫ്റ്റ് കടലാസുപയോഗിച്ച് വിവിധതരത്തിലുള്ള പുക്കൾ ഉണ്ടാക്കാനുള്ള പരിശീലനം | ആഴ്ച്ചയിൽ ഒരു പിരിയഡ് | 1to4 | ക്ലാസ്സ് ടീച്ചർ | 200/ | |
| | ചോക്ക് നിർമ്മാണം പ്ലാസ്ട്രോപാരീസ് ഉപയോഗിച്ച് ചോക്ക് നിർമ്മിക്കാൻ പരിശീലിപ്പിക്കൽ | ആഗസ്റ്റ് മാസം ശനിയാഴ്ചകളിൽ | 3 to4 | ക്ലാസ്സ് ടീച്ചർ | 500/ | |

# ആരോഗ്യവും ശുചിത്വവും

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ്സ് | സംഘാടനം | സാമ്പത്തികം | |
|---|---|---|---|---|---|---|
| കായികശേഷി വികസനം അച്ചടക്കബോധവും സാമൂഹ്യബോധവും,ശുചിത്വബോധവും വളർത്തുക | അസംബ്ലി പത്രവാർത്ത ഇന്നത്തെ ചിന്താവിഷയം | ആഴ്ചയിൽ 4 ദിവസം | | ക്ലാസ്സ്ടീച്ചർ | | |
| | രക്ഷാകർത്താക്കൾക്കുള്ള ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു, പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പസ് എന്ന ആശയം പ്രചരിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം PTA മീറ്റിംഗിൽ | | ഹെൽത്ത് ക്ലബ്ബ് | | |
| | നാടൻകളികൾ മാസ്റ്റർഡ്രിൽ | ആഴ്ചയിൽ 2 ദിവസം | | ക്ലാസ്സ്ടീച്ചർ | | |
| | ഷട്ടിൽ, സ്കിപ്പിങ്ങ്,ഫുട്ട്ബോൾ | ആഴ്ചയിൽ 1 ദിവസം | | ക്ലാസ്സ്ടീച്ചർ | | |
| | ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ | രണ്ട് മാസത്തിലൊരിക്കൽ | | ഹെൽത്ത് ക്ലബ്ബ് | | |
| | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും തരംതിരിച്ച് സംസ്കരിക്കൽ(പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ ചവറുകൊട്ട | ജൂൺ മാസം | | PTA & staff | 1000/ | |

## മോണിറ്ററിംഗ്

പ്രധാനാധ്യാപിക കുട്ടികളുടെ പഠനനേട്ടത്തെ അടിസ്ഥാനമാക്കി അധ്യാപകരുടെ പ്രകടനം വിലയിരുത്തുകയും അധ്യാപകരുമായി മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകൾ എസ് ആർ ജി യിൽ നടത്തുകയും ചെയ്യുന്നു.

നൂതനാശയങ്ങൾ നടപ്പിലാക്കാനും പരിശീലിപ്പിക്കാനും അധ്യാപകർക്ക് പിന്തുണ നൽകുന്നു. പഠിതാക്കളുടെ പ്രകടനം രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു. പുരോഗതിനിരന്തരമായി വിലയിരുത്തുന്നു.മെച്ചപ്പെടുത്തലുകൾ നടത്തുന്നതിനായി ചുമതലകൾ വിഭജിച്ച് നൽകുന്നു. വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരുടെ സേവനം പഠന ബോധന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുന്നു. തെളിവിന്റെ അടിസ്ഥാനത്തിൽ പുരോഗതി നിശ്ചയിക്കാനും മാറ്റങ്ങൾ വരുത്താനും അധ്യാപകർക്ക് പ്രോത്സാഹനം നൽകുന്നു.

# ഉപസംഹാരം

സ്കൂളിന്റെ മികവ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സ്കൂളിന്റെ അക്കാദമിക മികവാണ്. അക്കാദമിക നിലവാരം ഉയർത്താനുള്ള പ്രവർത്തന പദ്ധതിയാണ് ഈ അക്കാദമിക പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുഴുവൻ കുട്ടികളെയും ഉയർന്ന തലത്തിൽ എത്തിക്കാൻ സാധിക്കും എന്ന വിശ്വാസത്തോടെ ഈ പ്ലാൻ സമർപ്പിക്കുന്നു. കോവിഡാനന്തരമുള്ള പഠനങ്ങളും അവയെ കുട്ടികൾക്ക് എങ്ങനെ ഫലപ്രദമായും രസകരമായും എളുപ്പത്തിലും നേരിടാം എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ലക്ഷ്യമാക്കുന്നത്. ഇതിനായി അധ്യാപകരുടെ നിരന്തരമായ ഇടപെടലും അശാന്ത പരിശ്രമവും കൊണ്ട് കുട്ടികളെ ഉയർന്ന തലത്തിൽ എത്തിക്കാൻ സാധിക്കുമെന്ന വിശ്വാസത്തോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു. ഇതിലൂടെ കുട്ടികൾ നേടുന്ന കഴിവുകൾ വാർഷികാഘോഷ വേളയിൽ പൊതുവേദിയിൽ പ്രദർശിപ്പിക്കുമെന്ന ഉറച്ച തീരുമാനത്തോടെ ഉപസംഹരിക്കുന്നു.